## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 1732-ാം നമ്പർ ചോദ്യം 18.06.2012 -ലെ മറുപടിക്ക്

### ട്രഷറി സ്ഥിര നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) ട്രഷറികളിലേയ്ക്ക് 3 വർഷമോ അതിൽ കൂടുതലോ ഉള്ള സ്ഥിര നിക്ഷേപം ക്യാൻവാസ് ചെയ്യുന്ന ജീവനക്കാർക്ക് കമ്മിഷൻ നൽകുന്ന രീതി നിലവിലുണ്ടോ; | (എ) ട്രഷറികളിലേയ്ക്ക് 3 വർഷമോ അതിൽ കൂടുതലോ ഉള്ള സ്ഥിര നിക്ഷേപം ക്യാൻവാസ് ചെയ്യുന്ന ജീവനക്കാർക്ക് നിക്ഷേപ കാലാവധി പൂർത്തിയായാൽ കമ്മീഷൻ നൽകുന്ന രീതി നിലവിലുണ്ട്. |
| (ബി) 2011-12 സാമ്പത്തിക വർഷത്തിൽ ഇതേവരെ എത്ര തുക ട്രഷറി സ്ഥിര നിക്ഷേപമായി ലഭിച്ചുവെന്നും എത്ര തുക കമ്മീഷനായി ചെലവഴിച്ചുവെന്നും വ്യക്ത മാക്കുമോ? | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ ₹ 2295,33,60,776/- (രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് കോടി മുപ്പത്തി മൂന്നു ലക്ഷത്തി അറുപതിനായിരത്തി എഴുന്നൂറ്റി എഴുപത്തിയാറ് രൂപാ മാത്രം) ട്രഷറി സ്ഥിര നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ ₹ 4,20,58,000/ (നാല് കോടി ഇരുപത്ലക്ഷത്തി അൻപത്തിയെണ്ണായിരം രൂപ മാത്രം) ഇൻസെന്റീവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഈ നിക്ഷേപങ്ങൾ 1 വർഷം കഴിഞ്ഞ് പിൻവലിച്ച് മറ്റ് ട്രഷറികളിൽ നിക്ഷേപിച്ച് വീണ്ടും കമ്മീഷൻ വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി കളാണ് സ്വീകരിച്ചതെന്ന് വ്യക്ത മാക്കാമോ? | (സി) നിക്ഷേപങ്ങൾ 1 വർഷം കഴിഞ്ഞ് പിൻവലിച്ച് മറ്റ് ട്രഷറികളിൽ നിക്ഷേപിച്ച് വീണ്ടും കമ്മീഷൻ വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൻമേൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണ റിപ്പോർട്ടിൻ പ്രകാരം, ഇപ്രകാരമുള്ള സംഭവങ്ങൾ ഒന്നും തന്നെ കണ്ടെത്തുകയും ചെയ്തിട്ടില്ല. പ്രസ്തുത രീതിയിലുള്ള ഇൻസെന്റീവ് തുക മാറൽ നടത്താതിരിക്കാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും സർക്കുലർ മുഖാന്തിരം കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത്തരം ആക്ഷേപങ്ങളുടെ പശ്ചാത്തലത്തിൽ ജീവനക്കാർക്കുള്ള ഇൻസെന്റീവ് നിക്ഷേപ കാലാവധി പൂർത്തി യായതിനുശേഷം മാത്രം നൽകുന്ന രീതി നടപ്പിലാ ക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.